(ബി) കയ്യേറിയ സർക്കാർ ഭൂമിയും അനധികൃതമായി കൈവശം വച്ചിരിക്കുന്ന മിച്ച ഭൂമിയും റീസർവ്വേ നടത്തണമെങ്കിൽ കൈവശക്കാർ അപേക്ഷ നല്കി ഫീസ് കെട്ടണമെന്ന വ്യവസ്ഥ നിലവിലുണ്ടോ; എങ്കിൽ, ഇപ്രകാരം എത്ര അപേക്ഷ ലഭിച്ചു; എത്ര ഹെക്ടർ സ്ഥലത്ത് റീ സർവ്വേ നടത്തി എത്ര ഭൂമി ഏറ്റെടുത്തുവെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് 'ഭൂമി കേരളം' പദ്ധതി പരാജയപ്പെട്ടതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; എങ്കിൽ, പ്രസ്തുത പദ്ധതി കാര്യക്ഷമമായി മുന്നോട്ടു കൊണ്ടു പോകുന്നതിന് എന്തു നടപടികളാണുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

ഹാരിസൺ കമ്പനി അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി ഏറ്റെടുക്കുന്നതിന് നടപടി

123 (4754) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര ഏക്കർ ഭൂമിയാണ് ഹാരിസൺ മലയാളം ലിമിറ്റഡ് വിറ്റതെന്ന് കണ്ടെത്തിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) വിറ്റതായി കണ്ടെത്തിയിട്ടുള്ള ഭൂമി ഏറ്റെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കുവാൻ ഭൂപരിഷ്കരണ നിയമപ്രകാരമാണോ നടപടി സ്വീകരിക്കുന്നത്;

(ഡി) ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി ചെറുക്കാൻ ഹാരിസൺ മലയാളം കോടതിയെ സമീപിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിൽ M/s. ഹാരിസൺസ് മലയാളം ലിമിറ്റഡ് കൈവശം വയ്ക്കുന്ന ഭൂമിയും കൈമാറ്റം ചെയ്ത ഭൂമിയും മറ്റ് അനധികൃത കൈവശങ്ങളും പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. പ്രസ്തുത ഭൂമിയിൽ M/s. ഹാരിസൺസ് മലയാളം ലിമിറ്റഡ് കൈവശം വയ്ക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

29185 ഏക്കർ ഭൂമി സർക്കാരിലേക്ക് ഏറ്റെടുത്തുകൊണ്ട് 1-12-2014-ൽ നടപടിക്രമം പുറപ്പെടുവിച്ചിട്ടുണ്ട്. M/s. ഹാരിസൺസ് മലയാളം ലിമിറ്റഡ് വിൽപ്പന നടത്തിയ ഭൂമി സംബന്ധിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി) കോടതി സ്റ്റേയുള്ള പത്തനംതിട്ട ജില്ലയിലെ അരുവാപ്പുലം വില്ലേജിലെ കോണി എസ്റ്റേറ്റിന്റെ ഒരു ഭാഗമായ 832 ഏക്കർ ഭൂമി ഉൾപ്പെടെ അനുബന്ധത്തിൽ വിവരിച്ച. അന്യകൈവശത്തിലുള്ള 8149 ഏക്കറും ചേർത്ത് ആകെ 8981 ഏക്കർ ഭൂമി KLC Act പ്രകാരം സർക്കാരിലേക്ക് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഉടൻ ആരംഭിക്കുന്നതാണ്.

(സി) അല്ല, കേരള ലാൻഡ് കൺസർവൻസി ആക്ട്, 1957 പ്രകാരമാണ് സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നത്.

(ഡി) ഉണ്ട്; WP(C) 33122/2014-ാം നമ്പർ ഹർജി ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത ഹർജിയിലെ 10-12-2014-ലെ ഇടക്കാല വിധിന്യായത്തിൽ സർക്കാരിലേക്ക് ഏറ്റെടുത്തുകൊണ്ട് ഉത്തരവായ 29185 ഏക്കർ ഭൂമിയുടെ തൽസ്ഥിതി 20-1-2015 വരെ തുടരാൻ നിർദ്ദേശിച്ചിട്ടുണ്ട്.

തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ ഫ്ലഡ് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ

124(4755) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽ നിന്നും വർഷം പ്രതി എത്ര തുക ഏതെല്ലാം പദ്ധതികൾക്കു വേണ്ടി അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഇതിനകം എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചെന്നും ബാക്കി ഓരോ പ്രവൃത്തിയും ഏതു ഘട്ടത്തിലാണെന്നും വിശദമാക്കാമോ;

(സി) ഫ്ലഡ് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ നടപ്പാക്കുന്നതിന് കാലതാമസം നേരിടുന്നത് പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ, വിശദാംശം വെളിപ്പെടുത്താമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly